"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് പ്രതിമാസ ഇൻസെന്റീവ് അനുവദിക്കുന്നതിന് 2022 മാർച്ച് മാസം വരെ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.634/2022/LSGD തീയതി,തിരുവനന്തപുരം, 15-03-2022

---

പരാമർശം:- 1. സ.ഉ (സാധാ) നം. 1615/2020/തസ്വഭവ തീയതി 07.09.2020.

2. സ.ഉ (സാധാ) നം. 1820/2020/തസ്വഭവ തീയതി 05.10.2020.

**ഉത്തരവ്**

കോവിഡ് - 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വന്ന സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം 2020 മാർച്ച് മാസം മുതൽ ആറു മാസത്തെയ്ക്ക് പ്രതിമാസം 1000/- രൂപ ഇൻസെന്റീവ് അനുവദിക്കുകയും തുടർന്ന് പരാമർശം (2) ഉത്തരവ് പ്രകാരം ആറു മാസത്തേയ്ക്ക് കൂടി ഇൻസെന്റീവ് അനുവദിച്ച് തുടർച്ചാനുമതിയും നൽകിയിരുന്നു. കോവിഡ് കാലത്ത് പ്രവർത്തിച്ച് വന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പാലിയേറ്റീവ് കെയർ നഴ്സുമാർക്ക് പ്രതിമാസം 1000/- രൂപ ഇൻസെന്റീവ് 2022 മാർച്ച് മാസം വരെ അനുവദിക്കുന്നതിന് തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/38/2022-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ